"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല- പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഇട്ടിലാക്കൽ എ എം എൽ പി സ്കൂളിന് നിബന്ധനക്ക വിധേയമായി ചട്ടം 26(4) സെറ്റ്ബാക്ക്, ചട്ടം 37 എക്സിറ്റ് വിഡ്ത് എന്നിവയിൽ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 3(4) ബി പ്രകാരം ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1394/2024/LSGD തീയതി,തിരുവനന്തപുരം, 31-07-2024

---

പരാമർശം:- ചീഫ് ടൌൺ പ്ലാനറുടെ 23.05.2024 തീയതിയിലെ LSGD/PD/3138/2024- TCPA1 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ പൊൻമുണ്ടം ഗ്രാമപഞ്ചായത്തിൽ പൊൻമുണ്ടം വില്ലേജിൽ റീസർവ്വേ നമ്പർ 36/5-2, 36/4-8, 36/9-8 എന്നിവയിലുൾപ്പെടുന്ന 1861 ച.മീ സ്ഥലത്ത് 1741.23 ച.മീ വിസ്തീർണ്ണമുള്ളതും മൂന്ന് നിലകളുള്ളതുമായ സ്കൂൾ കെട്ടിടത്തിന് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം, 2019, ചട്ടം 3(4) (ബി) പ്രകാരം ഇളവനുവദിക്കുന്നതിനായി ഇട്ടിലാക്കൽ എ എം എൽ പി സ്കൂൾ മാനേജരുടെ അപേക്ഷയും അനുബന്ധരേഖകളും പരാമർശം പ്രകാരം ചീഫ് ടൗൺ പ്ളാനർ ലഭ്യമാക്കുകയുണ്ടായി.

2. സമർപ്പിച്ചിരിക്കുന്ന അപേക്ഷയും ഉള്ളടക്കങ്ങളും പരിശോധിച്ചതിൽ നിന്നും ഇളവിനായി സൂചിപ്പിച്ചിട്ടുള്ള തുറസായ സ്ഥലം എക്സിറ്റ് വിഡ്ത് എന്നിവയൊഴികെയുള്ള മറ്റ് ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്നും സ്ക്കൂൾ കെട്ടിടവും ടോയ്‌ലറ്റ് ബ്ലോക്കും ഒറ്റ കെട്ടിടമായി പരിഗണിക്കുമ്പോഴാണ് ചട്ട പ്രകാരമുള്ള സൈഡ് സെറ്റ് ബാക്ക് ടോയ്‌ലറ്റ് ബ്ലോക്കിന് പടിഞ്ഞാറുവശത്ത് ലഭ്യമാകാത്തത് എന്നും ചീഫ് ടൗൺ പ്ലാനർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്കൂൾ എയിഡഡ് വിഭാഗത്തിലാണ് ഉൾപ്പെടുന്നതെന്ന് കണക്കിലെടുത്തും പരാമർശം പ്രകാരമുള്ള അഭിപ്രായവും പരിഗണിച്ച്, ചുവടെപ്പറയുന്ന നിബന്ധനക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ലെ ചട്ടം 3(4) ബി പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മലപ്പുറം ജില്ലയിലെ പൊൻമുണ്ടം ഗ്രാപഞ്ചായത്തിന്റെ പരിധിയിലുള്ള ഇട്ടിലാക്കൽ എ എം എൽ പി സ്കൂളിന് ചട്ടം

26(4) പ്രകാരമുള്ള സെറ്റ് ബാക്ക് (ആവശ്യമുള്ള സെറ്റ് ബാക്-2മീ, ലഭ്യമാകുന്നത് - 1.5മീ) ചട്ടം 37 പ്രകാരമുള്ള എക്സിറ്റ് വിഡ്ത് (ആവശ്യമായ സ്റ്റെയർ വീതി - 3മീ, ലഭ്യമാകുന്നത്-2.65മീ) എന്നീ ചട്ടങ്ങളിൽ നിന്നും ഇളവനുവദിച്ച് ഉത്തരവാകുന്നു.

**സർക്കാരിൽ നിന്നും ഇളവ് ലഭ്യമാക്കുന്ന ചട്ടങ്ങൾ ചട്ടം 26(4) സെറ്റ്ബാക്ക്, ചട്ടം 37 എക്സിറ്റ് വിഡ്ത് ഒഴികെയുള്ള മറ്റ് കെപിബിആർ 2019 ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്നും ചട്ടപ്രകാരം ആവശ്യമായ അനുമതികൾ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്.സ്വരാജ് ഭവൻ.തിരുവനന്തപുരം.
ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം.
ജില്ലാ ടൌൺ പ്ലാനർ, മലപ്പുറം.
സെക്രട്ടറി, പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത്
മാനേജർ, ഇട്ടിലാക്കൽ എ എം എൽ പി സ്കൂൾ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.(RB3/253/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Rajesh N
Date: 31-07-2024 16:55:45
സെക്ഷൻ ഓഫീസർ